# കേരള നിയമസഭ
## 14.06.2012 -ലെ മറുപടിക്ക്

**ദേശീയപാതകളുടെ നവീകരണം**

1134 **ശ്രീ. പി. ഉബൈദുള്ള**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പൊതുമരാമത്ത് വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) **സംസ്ഥാനത്ത് നിലവിലുള്ള ദേശീയ പാതകളും, അവയുടെ പുതിയ നമ്പറുകളും, ഓരോന്നിന്റെ ദൈർഘ്യവും ലഭ്യമാക്കുമോ ;**

(ബി) **ദേശീയപാതകളുടെ വികസനത്തിനും അറ്റകുറ്റ പണികൾക്കുമായി കേന്ദ്രം ഓരോ വർഷവും അനുവദിക്കുന്ന തുക അപര്യാപ്തമാണെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;**

(സി) **ദേശീയ പാതകളുടെ സംരക്ഷണത്തിനായി കേരളത്തിന്റെ പ്രത്യേക സാഹചര്യം പരിഗണിച്ചു കൂടുതൽ തുക വകയിരുത്താൻ കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുമോ ;**

(ഡി) **ദേശീയപാതകളുടെ നവീകരണത്തിനായി ഈ സർക്കാർ അധികാരമേറ്റ ശേഷം എന്തു തുക ചെലവഴിച്ചു?**

# കേരള നിയമസഭ
## 14.06.2012 -ലെ മറുപടിക്ക്

**പ്ലാസ്റ്റിക് പാഴ്വസ്തുക്കൾ ഉപയോഗിച്ച് റോഡ് നിർമ്മാണം**

1135 **ശ്രീ. ചിറ്റയം ഗോപകുമാർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പൊതുമരാമത്ത് വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പ്ലാസ്റ്റിക് കലർത്തിയ റോഡുകളുടെ പരീക്ഷണ നിർമ്മാണം സംബന്ധിച്ചുള്ള വിശദാംശം വ്യക്തമാക്കാമോ ;

(ബി) പ്ലാസ്റ്റിക് പാഴ്വസ്തുക്കൾ ഉണ്ടാക്കുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾക്ക് പരിഹാരമായി പ്രസ്തുത റോഡ് നിർമ്മാണത്തെ പ്രോത്സാഹിപ്പിച്ച് നിർമ്മാണത്തിനാവശ്യമായ പ്ലാസ്റ്റിക് ശേഖരിക്കുന്ന യൂണിറ്റുകൾ സംസ്ഥാന വ്യാപകമായി ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ ?

**കേരള നിയമസഭ**
**14.06.2012 -ലെ മറുപടിക്ക്**

**<u>പ്ലാസ്റ്റിക് പാഴ്‌വസ്തുക്കൾ ഉപയോഗിച്ച് റോഡ് ടാറിംഗ്</u>**

1136 ശ്രീ. അൻവർ സാദത്ത്
,, വർക്കല കഹാർ
,, കെ. അച്ചുതൻ
,, സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പൊതുമരാമത്ത് വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പ്ലാസ്റ്റിക് പാഴ്‌വസ്തുക്കൾ ഉപയോഗിച്ച് റോഡ് ടാർ ചെയ്യുന്നതിനുള്ള പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ;

(ബി) ഈ പദ്ധതി കൊണ്ടുള്ള ഗുണങ്ങൾ എന്തെല്ലാമാണ്;

(സി) പദ്ധതി പ്രാവർത്തികമാക്കാൻ എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട് ?

## കേരള നിയമസഭ
## 14.06.2012 -ലെ മറുപടിക്ക്

**റോഡുകളുടെ ദീർഘകാല സംരക്ഷണം**

1137 ശ്രീ. ലൂഡി ലൂയിസ്
,, ഡൊമിനിക് പ്രസന്റേഷൻ
,, ബെന്നി ബെഹനാൻ
,, വി. റ്റി. ബൽറാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പൊതുമരാമത്ത് വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ആധുനിക രീതിയിൽ നിർമ്മാണം പൂർത്തിയാക്കിയ റോഡുകളുടെ ദീർഘകാല സംരക്ഷണം ഉറപ്പ് വരുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത് ;

(ബി) ഇതിനായി ഒരു പ്രത്യേക പദ്ധതിക്ക് രൂപം നൽകുന്ന കാര്യം പരിഗണിക്കുന്നുണ്ടോ ;

(സി) ആയതിനായി എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട്; വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 14.06.2012 -ലെ മറുപടിക്ക്

**തെക്ക് - വടക്ക് 'എക്സ്പ്രസ്സ് ഹൈവേ'**

1138 **ശ്രീ. മുല്ലക്കര രത്നാകരൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പൊതുമരാമത്ത് വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) തെക്കുവടക്ക് ബന്ധിപ്പിക്കുന്ന 'എക്സ്പ്രസ്സ് ഹൈവേ' പദ്ധതി നടപ്പിലാക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) ആയതിനു വേണ്ടി എന്തെങ്കിലും വിധത്തിലുള്ള ഭരണ നടപടികൾ ഇതിനകം സ്വീകരിച്ചിട്ടുണ്ട് ?

**കേരള നിയമസഭ**
**14.06.2012 -ലെ മറുപടിക്ക്**

**<u>റോഡ് നിർമ്മാണത്തിന് പുതിയ സാങ്കേതിക വിദ്യകൾ</u>**

1139 ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
,, ബെന്നി ബെഹനാൻ
,, വി. റ്റി. ബൽറാം
,, കെ. ശിവദാസൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പൊതുമരാമത്ത് വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റോഡ് നിർമ്മാണത്തിനും പരിപാലനത്തിനും എന്തെല്ലാം പദ്ധതികളാണ് തയ്യാറാക്കിയിട്ടുള്ളത്;

(ബി) റോഡ് നിർമ്മാണത്തിന് പുതിയ സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ; വ്യക്തമാക്കുമോ;

(സി) ആയതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 14.06.2012 -ലെ മറുപടിക്ക്

**റോഡുകളുടെ നവീകരണം**

1140 **ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പൊതുമരാമത്ത് വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം പൊതുമരാമത്ത് വകുപ്പിൽ നടത്തിയ ശ്രദ്ധേയമായ കാര്യങ്ങൾ വിശദമാക്കുമോ ;

(ബി) സംസ്ഥാനത്തെ റോഡുകളെ നവീകരിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്;

(സി) എത്ര കിലോ മീറ്റർ റോഡുകൾ എന്ത് തുക ചെലവഴിച്ച് നന്നാക്കുവാനുദ്ദേശിക്കുന്നുവെന്നു പറയാമോ ; അതിനായി ഫണ്ട് എപ്രകാരം കണ്ടെത്താനാകും?

## കേരള നിയമസഭ
## 14.06.2012 -ലെ മറുപടിക്ക്

**സ്റ്റേറ്റ് റോഡ് നവീകരണ പദ്ധതി**

**1141** **ശ്രീ. ജെയിംസ് മാത്യു**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പൊതുമരാമത്ത് വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സ്റ്റേറ്റ് റോഡ് ഇംപ്രൂവ്മെന്റ് പ്രോജക്ടിന്റെ (എസ്. ആർ. ഐ. പി.) വിശദാംശം അറിയിക്കുമോ;

(ബി) പ്രസ്തുത പദ്ധതിയ്ക്കായി ഏതെല്ലാം റോഡുകളാണ് തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ളത്;

(സി) ഏത് രൂപത്തിലുള്ള നവീകരണ പ്രവർത്തനങ്ങളാണ് പ്രസ്തുത പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നത്;

(ഡി) ഇതിലേക്കായി റോഡുകൾ തെരഞ്ഞെടുക്കുന്നതിലുള്ള മാനദണ്ഡം വിശദമാക്കുമോ?

# കേരള നിയമസഭ
## 14.06.2012 -ലെ മറുപടിക്ക്

**പി.ഡബ്ള്യു.ഡി നവീകരിച്ച റോഡുകൾ**

1142 **ശ്രീ. എം. ഉമ്മർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പൊതുമരാമത്ത് വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പി.ഡബ്ള്യു.ഡി കഴിഞ്ഞ സാമ്പത്തിക വർഷം എത്ര കിലോ മീറ്റർ റോഡ് നവീകരിച്ചുവെന്ന് വ്യക്തമാക്കാമോ ;

(ബി) സംസ്ഥാനമൊട്ടാകെ 2011-2012 കാലയളവിൽ എത്ര പാലങ്ങളുടെ നിർമ്മാണത്തിന് ഭരണാനുമതി നൽകി ; എത്ര രൂപയ്ക്കുള്ള പ്രവൃത്തികൾക്കാണ് അനുമതി നൽകിയത് ;

(സി) പുതിയതായി ഈ വർഷം നടപ്പാക്കാനുദ്ദേശിക്കുന്ന പ്രോജക്ടുകൾ എന്താണെന്ന് വിശദമാക്കാമോ ?

# കേരള നിയമസഭ
## 14.06.2012 -ലെ മറുപടിക്ക്

**കോൺക്രീറ്റ് റോഡ്**

1143 ശ്രീ. ബെന്നി ബെഹനാൻ
,, വി. റ്റി. ബൽറാം
,, കെ. ശിവദാസൻ നായർ
,, ജോസഫ് വാഴക്കൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പൊതുമരാമത്ത് വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ടാറിട്ട റോഡുകൾ കോൺക്രീറ്റ് റോഡാക്കി മാറ്റുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ ഇതിനു വേണ്ടി എന്തെല്ലാം പ്രാരംഭനടപടികൾ എടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) ഇത് സംബന്ധിച്ച് ആരെല്ലാമായി ചർച്ചകൾ നടത്തിയിട്ടുണ്ട്;

(ഡി) ആയതിന് കേന്ദ്ര സഹായം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ ?

## കേരള നിയമസഭ
## 14.06.2012 -ലെ മറുപടിക്ക്

**<u>സ്റ്റേറ്റ് റോഡ് ഇംപ്രൂവ്മെന്റ് പ്രൊജക്ട്</u>**

1144 **ശ്രീ. കോടിയേരി ബാലകൃഷ്ണൻ**
**,, പി.കെ. ഗുരുദാസൻ**
**,, ബാബു. എം. പാലിശ്ശേരി**
**ഡോ. കെ.ടി. ജലീൽ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പൊതുമരാമത്ത് വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സ്റ്റേറ്റ് റോഡ് ഇംപ്രൂവ്മെന്റ് പ്രൊജക്ട് രൂപവൽക്കരിച്ചിട്ടുണ്ടോ ; കേന്ദ്രഗവൺമെന്റിൽ നിന്നും ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും പ്രൊജക്ടിന് വേണ്ടി സ്വരൂപിക്കപ്പെട്ട തുകയെത്രയാണ് ;

(ബി) ഈ പ്രൊജക്ട് വഴി ലക്ഷ്യമിട്ട റോഡുകളിൽ എത്ര കിലോമീറ്റർ മുൻവർഷം പൂർത്തിയായിട്ടുണ്ട് ; ലക്ഷ്യം എത്രയായിരുന്നു ; ഈ വർഷം നിർമ്മാണം ആരംഭിച്ചവ എത്ര കിലോമീറ്റർ വരുമെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 14.06.2012 -ലെ മറുപടിക്ക്

**കേരള സ്റ്റേറ്റ് റോഡ് ഇംപ്രൂവ്മെന്റ് പ്രോജക്ട്**

1145 **ശ്രീ. എം. വി. ശ്രേയാംസ് കുമാർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പൊതുമരാമത്ത് വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് റോഡ് ഇംപ്രൂവ്മെന്റ് പ്രോജക്ടിന്റെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമാണ് ;

(ബി) പ്രസ്തുത പ്രോജക്ടിൽ റോഡുകൾ ഉൾപ്പെടുത്തുന്നതിന്റെ മാനദണ്ഡം വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പ്രോജക്ടിൽ ഉൾപ്പെടുത്തിയിരിക്കുന്ന റോഡുകളുടെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 14.06.2012 -ലെ മറുപടിക്ക്

**കാസർഗോഡ് ജില്ലയിൽ സ്റ്റേറ്റ് റോഡ് ഇംപ്രൂവ്മെന്റ് പ്രോജക്ട്**

**1146 ശ്രീ. ഇ. ചന്ദ്രശേഖരൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പൊതുമരാമത്ത് വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സ്റ്റേറ്റ് റോഡ് ഇംപ്രൂവ്മെന്റ് പ്രോജക്ട് സംസ്ഥാനത്ത് നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്ര കിലോമീറ്റർ റോഡാണ് ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്നും റോഡുകൾ തെരഞ്ഞെടുത്തതിന്റെ മാനദണ്ഡം എന്താണെന്ന് അറിയിക്കുമോ;

(സി) കാസർഗോഡ് ജില്ലയിൽ ഏതെല്ലാം റോഡുകളെയാണ് ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്നും അറിയിക്കുമോ?

# കേരള നിയമസഭ
## 14.06.2012 -ലെ മറുപടിക്ക്

<u>ഗ്രീൻ ബിൽഡിംഗ് പദ്ധതിയുടെ വിശദാംശങ്ങൾ</u>

1147 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പൊതുമരാമത്ത് വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഗ്രീൻ ബിൽഡിംഗ് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വിവരിക്കാമോ;

(ബി) ഈ പദ്ധതി നടപ്പാക്കാനായി കേന്ദ്ര പാരമ്പര്യേതര ഊർജ്ജ വകുപ്പിൽ നിന്ന് എത്ര കോടി രൂപയുടെ ധനസഹായം കഴിഞ്ഞ സാമ്പത്തിക വർഷം ലഭിച്ചു എന്ന് അറിയിക്കുമോ ;

(സി) കേന്ദ്ര സഹായം ഉൾപ്പെടെ കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ പ്രസ്തുത പദ്ധതിക്കായി ചെലവാക്കിയ തുക എത്രയെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 14.06.2012 -ലെ മറുപടിക്ക്

"ജെൻഡർ ബഡ്ജറ്റിംഗ് പദ്ധതി"

1148 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പൊതുമരാമത്ത് വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിൽ നടപ്പാക്കുന്ന "ജെൻഡർ ബഡ്ജറ്റിംഗ് പദ്ധതി" വിശദീകരിക്കാമോ;

(ബി) സംസ്ഥാനത്തെ ഏതെല്ലാം ഓഫീസുകളിലാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്;

(സി) ഇതിനായി ഇതുവരെ എന്തു തുക ചെലവഴിച്ചു;

(ഡി) പ്രസ്തുത പദ്ധതി വഴി ഏർപ്പെടുത്തുന്ന സൗകര്യങ്ങളും സംവിധാനങ്ങളും വിശദീകരിക്കാമോ?

## കേരള നിയമസഭ
## 14.06.2012 -ലെ മറുപടിക്ക്

ഇ- ടെണ്ടറിംഗ്

1149 ശ്രീ. ജോസഫ് വാഴക്കൻ
,, അൻവർ സാദത്ത്
,, വർക്കല കഹാർ
,, കെ. അച്ചുതൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പൊതുമരാമത്ത് വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഇ- ടെണ്ടറിംഗ് നടപ്പാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;

(ബി) ഏതെല്ലാം ഏജൻസികളുമായി ചേർന്നാണ് പ്രസ്തുത പദ്ധതി യാഥാർത്ഥ്യമാക്കുന്നത്;

(സി) ആയതിന് വേണ്ടുന്ന പരിശീലനം ഉദ്യോഗസ്ഥർക്കും കരാറുകാർക്കും നൽകാൻ നടപടികൾ സ്വീകരിക്കുമോ?

## കേരള നിയമസഭ
## 14.06.2012 -ലെ മറുപടിക്ക്

**റോഡ് വികസനത്തിനായി സ്ഥലം ഏറ്റെടുക്കുന്നതിലെ കാലതാമസം**

**1150 ശ്രീ. ജോസ് തെറ്റയിൽ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പൊതുമരാമത്ത് വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) റോഡ് വികസനത്തിനായി സ്ഥലം ഏറ്റെടുക്കുമ്പോൾ നടപടിക്രമങ്ങൾ പൂർത്തിയാക്കുന്നതിൽ വരുന്ന കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ആയത് പരിഹരിക്കുന്നതിനായി നടപടികൾ സ്വീകരിക്കുമോ; അവ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

കേരള നിയമസഭ
14.06.2012 -ലെ മറുപടിക്ക്

**മരാമത്ത് മാനുൽ പരിഷ്ക്കരണം**

1151 ശ്രീ. കെ. ശിവദാസൻ നായർ
,, ജോസഫ് വാഴക്കൻ
,, അൻവർ സാദത്ത്
,, വർക്കല കഹാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പൊതുമരാമത്ത് വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) നിലവിലുള്ള മരാമത്ത് മാനുൽ പരിഷ്ക്കരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) നിർമ്മാണ നിലവാരം ഉറപ്പാക്കാൻ എന്തെല്ലാം പരിഷ്ക്കാരങ്ങളാണ് മാനുലിൽ വരുത്താൻ ഉദ്ദേശിക്കുന്നത്;

(സി) ആയതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 14.06.2012 -ലെ മറുപടിക്ക്

<u>പുതിയ റോഡുകൾക്കും, പാലങ്ങൾക്കും റോഡുകളുടെ പുനർനിർമ്മാണത്തിനുമായി എടുത്ത നടപടികൾ</u>

1152 ശ്രീ. വി. റ്റി. ബൽറാം
,, കെ. ശിവദാസൻ നായർ
,, ജോസഫ് വാഴക്കൻ
,, അൻവർ സാദത്ത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പൊതുമരാമത്ത് വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പുതിയ റോഡുകൾക്കും, പാലങ്ങൾക്കും റോഡുകളുടെ പുനർനിർമ്മാണത്തിനുമായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ;

(ബി) ഈ സർക്കാരിന്റെ കഴിഞ്ഞ ബഡ്ജറ്റിൽ പ്രഖ്യാപിച്ച പദ്ധതികളുടെ നിർമ്മാണ നടപടിക്ക് ഭരാണാനുമതി നൽകിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദമാക്കുമോ ;

(സി) പ്രസ്തുത നിർമ്മാണ പദ്ധതിക്കുള്ള തുക അനുവദിച്ചിട്ടുണ്ടോ ?

## കേരള നിയമസഭ
## 14.06.2012 -ലെ മറുപടിക്ക്

<u>ത്രിതല പഞ്ചായത്തു റോഡുകളുടെ പുനരുദ്ധാരണം</u>

1153 ശ്രീ. റോഷി അഗസ്റ്റിൻ
,, പി. സി. ജോർജ്
ഡോ. എൻ. ജയരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പൊതുമരാമത്ത് വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ത്രിതല പഞ്ചായത്തുകളുടെ നിയന്ത്രണത്തിലുള്ളതും, അറ്റകുറ്റപണികളുടെ അഭാവവും മൂലം സഞ്ചാര യോഗ്യമല്ലാതായിതീർന്നതുമായ റോഡുകൾ പൊതുമരാമത്തു വകുപ്പിന്റെ സഹായത്തോടെ പുനരുദ്ധരിക്കുന്നതിന് ഉദ്ദേശിക്കുന്നുവോ;

(ബി) ഇതുമായി ബന്ധപ്പെട്ട് എന്തെല്ലാം കാര്യങ്ങൾ ഇതിനോടകം ചെയ്തുവെന്ന് അറിയിക്കുമോ;

(സി) പദ്ധതിയിൽ എത്ര കിലോമീറ്റർ റോഡുകളുടെ നിർമ്മാണമാണ് ഉദ്ദേശിച്ചിട്ടുള്ളത്; ആയതിലേക്ക് എത്ര തുക ചെലവ് പ്രതീക്ഷിക്കുന്നുയെന്ന് വ്യക്തമാക്കാമോ;

(ഡി) തകർന്ന ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണം യുദ്ധകാലാടിസ്ഥാനത്തിൽ ചെയ്തു തീർക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 14.06.2012 -ലെ മറുപടിക്ക്

**<u>പ്രൈവറ്റ് ബിൽഡിംഗ് കോൺട്രാക്ടർമാർക്ക് ലൈസൻസി സമ്പ്രദായം</u>**

**1154 ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പൊതുമരാമത്ത് വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പ്രൈവറ്റ് ബിൽഡിംഗ് കോൺട്രാക്ടർമാർക്ക് മുൻപരിചയം ഉൾപ്പെടെയുള്ള കാര്യങ്ങൾ കണക്കിലെടുത്ത് ലൈസൻസി സമ്പ്രദായം അനുവദിക്കുമോ;

(ബി) പ്രസ്തുത മേഖലയിലെ നിർമ്മാണ വസ്തുക്കളുടെ വിലക്കയറ്റം കണക്കിലെടുത്ത് അത്യാവശ്യസാധനങ്ങൾ അംഗീകൃത ഗവൺമെന്റ് ഏജൻസികൾ വഴി വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ;

(സി) നിർമ്മാണ സാമഗ്രികളുടെ ഗുണനിലവാരം പരിശോധിക്കുവാൻ സംവിധാനം ഏർപ്പെടുത്തുമോ;

(ഡി) അന്യസംസ്ഥാന തൊഴിലാളികൾക്ക് മിനിമം കൂലി ഏർപ്പെടുത്തുന്നതോടൊപ്പം സ്വദേശ തൊഴിലാളികൾക്ക് നൽകുന്ന സാമൂഹ്യസുരക്ഷാ സംവിധാനങ്ങൾ വിപുലപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ;

(ഇ) പ്ലാൻ പാസ്സാക്കുമ്പോൾ തന്നെ സൈറ്റ് ഇൻഷ്വർ ചെയ്യാൻ നടപടി സ്വീകരിക്കുമോ;

(എഫ്) പ്രൈവറ്റ് ബിൽഡിംഗ് കോൺട്രാക്ടർമാർക്ക് ക്ഷേമനിധിയും പെൻഷനും നൽകുവാൻ നടപടി സ്വീകരിക്കുമോ;

(ജി) പ്രൈവറ്റ് ബിൽഡിംഗ് കോൺട്രാക്ടർമാർക്ക് സുതാര്യമായ രീതിയിൽ വായ്പാ സൗകര്യം ഏർപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 14.06.2012 -ലെ മറുപടിക്ക്

**എറണാകുളം-ശബരിമല സ്റ്റേറ്റ് ഹൈവേ നിർമ്മാണത്തിനുള്ള ബഡ്ജറ്റ് വിഹിതം**

1155 **ശ്രീ. സാജു പോൾ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പൊതുമരാമത്ത് വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) എറണാകുളം-ശബരിമല സ്റ്റേറ്റ് ഹൈവേ നിർമ്മാണത്തിന് 2011-12 ലെ ബഡ്ജറ്റിൽ വകയിരുത്തിയ തുക എത്രയായിരുന്നു; മുൻവർഷം എന്തു തുക ചെലവഴിച്ചുവെന്ന് പറയാമോ;

(ബി) ഹൈവേ നിർമ്മാണത്തിന് എന്തുതുക ചെലവ് പ്രതീക്ഷിക്കുന്നു?

# കേരള നിയമസഭ
## 14.06.2012 -ലെ മറുപടിക്ക്

**നിശ്ചിത ദൈർഘ്യം റോഡുകളുടെ ആധുനിക രീതിയിൽ നവീകരണം**

1156 **ശ്രീ. ജി. എസ്. ജയലാൽ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പൊതുമരാമത്ത് വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏറ്റവും പ്രധാനപ്പെട്ട നിശ്ചിത ദൈർഘ്യം റോഡുകൾ ആധുനിക രീതിയിൽ നവീകരിച്ച് ഗാതാഗതയോഗ്യമാക്കുവാൻ പുതിയ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ടോ;

(ബി) ഈ പദ്ധതി പ്രകാരം ഏറ്റെടുക്കേണ്ട റോഡുകൾ ഏതൊക്കെയാണെന്ന് പ്രാധാന്യം കണക്കാക്കി തീരുമാനിക്കേണ്ട പ്രവർത്തനം ഗവൺമെന്റ് നേരിട്ടാണോ, പ്രത്യേക ഏജൻസിയെ ചുമതലപ്പെടുത്തിയാണോ നിർവ്വഹിക്കുന്നത്; വിശദാംശം അറിയിക്കുമോ;

(സി) പ്രസ്തുത ഏജൻസി റോഡുകൾ ഏതൊക്കെയാണെന്ന് കണ്ടെത്തി ഗവൺമെന്റിലേക്ക് റിപ്പോർട്ട് നൽകിയിട്ടുണ്ടോ; എങ്കിൽ റോഡുകൾ ഏതൊക്കെയാണെന്നും ദൈർഘ്യം എത്രയാണെന്നും അറിയിക്കുമോ;

(ഡി) പ്രസ്തുത റോഡുകൾ നവീകരിക്കുന്നതിലേക്കായി വേണ്ടി വരുന്ന തുക കണ്ടെത്തുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്; വ്യക്തമാക്കുമോ;

(ഇ) പ്രസ്തുത പദ്ധതിയിൽ റോഡുകൾ ഉൾപ്പെടുത്തുമ്പോൾ ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ റോഡുകൾ കൂടി ഉൾപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 14.06.2012 -ലെ മറുപടിക്ക്

**പൊതുമരാമത്ത് വകുപ്പിന്റെ റോഡ് നിർമ്മാണം**

1157 **ശ്രീ. സി. ദിവാകരൻ,**
**,, ഇ. ചന്ദ്രശേഖരൻ**
**,, ജി. എസ്. ജയലാൽ**
**,, ചിറ്റയം ഗോപകുമാർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പൊതുമരാമത്ത് വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ സംസ്ഥാനത്തെ വിവിധ ജില്ലകളിലായി പൊതുമരാമത്തു വകുപ്പിന്റെ കീഴിലുള്ള എത്ര റോഡുകളുടെ പണികളാണ് നടന്നു വന്നിരുന്നത്; ഇതിൽ എത്ര റോഡുകളുടെ പണി നിറുത്തി വച്ചിട്ടുണ്ട്; ഇവ നിർത്തി വയ്ക്കാനുണ്ടായ കാരണങ്ങൾ വെളിപ്പെടുത്തുമോ;

(ബി) വകുപ്പിന്റെ കീഴിൽ വിവിധ ജില്ലകളിൽ നടന്നു വന്ന മറ്റ് നിർമ്മാണ പ്രവർത്തനങ്ങൾക്ക് തടസ്സം നേരിട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള കരാറുകാർക്ക് എന്തു തുക കൊടുത്തു തീർക്കാനുണ്ട്; വിശദമാക്കുമോ?

## കേരള നിയമസഭ
## 14.06.2012 -ലെ മറുപടിക്ക്

<u>പ്രത്യേക റോഡ് വികസന ഏജൻസി</u>

1158 ശ്രീ. വി. ഡി. സതീശൻ
,, വി. റ്റി. ബൽറാം
,, ജോസഫ് വാഴക്കൻ
,, പാലോട് രവി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പൊതുമരാമത്ത് വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) റോഡ് വികസന പദ്ധതിക്കായി പ്രത്യേക ഏജൻസിക്ക് രൂപം നൽകുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) പ്രത്യേക റോഡ് വികസന ഏജൻസിയുടെ ചുമതലകളും കർത്തവ്യങ്ങളും എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(സി) ഇതിനായി എന്തെല്ലാം നടപടികൾ ഇതുവരെ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 14.06.2012 -ലെ മറുപടിക്ക്

**മണ്ഡലം തോറും പൊതുമരാമത്തു വകുപ്പിന്റെ ഓഫീസുകൾ**

1159 **ശ്രീ. കെ. എൻ. എ. ഖാദർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പൊതുമരാമത്ത് വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മണ്ഡലം തോറും പൊതുമരാമത്തു വകുപ്പിന്റെ ഓഫീസുകൾ സ്ഥാപിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ടോ ;

(ബി) കെട്ടിടങ്ങൾ, റോഡുകൾ, പാലങ്ങൾ തുടങ്ങിയവ കൈകാര്യം ചെയ്യുന്ന എൻജിനീയർമാരെ നിയമസഭാ നിയോജക മണ്ഡലത്തിന്റെ അടിസ്ഥാനത്തിൽ വിന്യാസിക്കുവാൻ നിർദ്ദേശമുണ്ടോ ;

(സി) എങ്കിൽ ഇതു സംബന്ധിച്ച് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 14.06.2012 -ലെ മറുപടിക്ക്

**മന്ത്രിമാരുടെ ഔദ്യോഗിക വസതികൾ മോടിപിടിപ്പിക്കൽ**

1160 **ശ്രീ. എം. ബാബു എം. പാലിശ്ശേരി**

താഴെ കാണുന്ന ചോദ്യത്തിന്
പൊതുമരാമത്ത് വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരമേറ്റശേഷം മന്ത്രിമാരുടെ ഔദ്യോഗിക വസതികൾ മോടിപിടിപ്പിക്കുന്നതിനും അറ്റകുറ്റപ്പണികൾ ചെയ്യുന്നതിനും പൊതുമരാമത്ത് വകുപ്പ് ഇതുവരെ എത്ര രൂപ ചെലവഴിച്ചിട്ടുണ്ട് ; ഓരോ മന്ത്രിമാരും ചെലവഴിച്ച തുക തരംതിരിച്ച് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 14.06.2012 -ലെ മറുപടിക്ക്

**പൊതുമരാമത്ത് കരാറുകാർക്ക് കുടിശ്ശിക**

1161 **ശ്രീ. സാജു പോൾ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പൊതുമരാമത്ത് വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് പണികൾ നിർവ്വഹിച്ച ഇനത്തിൽ കരാറുകാർക്ക് കൊടുത്ത് തീർക്കാനുള്ള പണത്തിന്റെ കണക്കുകൾ വെളിപ്പെടുത്താമോ ;

(ബി) ഈ സർക്കാർ അധികാരമേറ്റപ്പോൾ കരാറുകാർക്ക് കൊടുത്ത് തീർക്കാനുണ്ടായിരുന്ന തുക എത്രയായിരുന്നു എന്ന് വിശദമാക്കാമോ ?

# കേരള നിയമസഭ
## 14.06.2012 -ലെ മറുപടിക്ക്

<u>കുറ്റ്യാടി മണ്ഡലത്തിലെ റോഡ് പ്രവൃത്തികൾ</u>

1162 ശ്രീമതി കെ.കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പൊതുമരാമത്ത് വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി-നാദാപുരം സ്റ്റേറ്റ് ഹൈവേ 38-ൽ മുൻ സർക്കാരിന്റെ കാലത്ത് അനുവദിച്ച റോഡ് പരിഷ്കരണ പ്രവൃത്തികളുടെ ചെലവഴിക്കാത്ത തുക എത്രയാണ്;

(ബി) പ്രസ്തുത തുക കാവിൽ-തീക്കുനി-കുറ്റ്യാടി റോഡിന്റെ ബി.എം. ആന്റ് ബി.സി. പ്രവൃത്തികൾ തുടങ്ങുന്നതിന് മാറ്റി ചെലവഴിക്കുന്നതിന് ഉത്തരവാകുമോ?

# കേരള നിയമസഭ
## 14.06.2012 -ലെ മറുപടിക്ക്

**<u>പി. ഡബ്ല്യു. ഡി. റോഡുകള്‍ ഒഴികെയുള്ള റോഡുകള്‍ നവീകരിക്കാന്‍ പദ്ധതി</u>**

**1163**

**ശ്രീ. ബി. സത്യന്‍**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
പൊതുമരാമത്ത് വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) വിവിധ നിയമസഭാ മണ്ഡലങ്ങളില്‍ തകര്‍ന്നു കിടക്കുന്ന പി. ഡബ്ല്യു. ഡി. റോഡുകള്‍ ഒഴികെയുള്ള റോഡുകള്‍ നവീകരിക്കാന്‍ എന്തെങ്കിലും പദ്ധതി നിലവിലുണ്ടോ;

(ബി) എങ്കില്‍ ഓരോ നിയമസഭാ മണ്ഡലത്തിനും എത്ര രൂപ വീതം ലഭ്യമാക്കും; ഇതിലേക്ക് റോഡുകള്‍ തെരഞ്ഞെടുക്കുന്ന മാനദണ്ഡം എന്താണ് എന്ന് വിശദമാക്കാമോ ?

## കേരള നിയമസഭ
## 14.06.2012 -ലെ മറുപടിക്ക്

**കെ.എസ്.റ്റി.പി. പ്രകാരം എം.സി. റോഡ് നവീകരണത്തിൽ അവശേഷിക്കുന്ന ജോലികൾ**

**1164 ശ്രീമതി പി. അയിഷാ പോറ്റി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പൊതുമരാമത്ത് വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.റ്റി.പി. പ്രകാരമുള്ള എം.സി. റോഡ് നവീകരണത്തിലെ ആദ്യ ഘട്ടത്തിലെ അവശേഷിക്കുന്ന ജോലികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പ്രവർത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ് ;

(സി) പ്രസ്തുത പദ്ധതിപ്രകാരം കൊട്ടാരക്കര പുലമൺ ജംഗ്ഷൻ നവീകരണത്തിന് നിർദ്ദേശിച്ചിട്ടുള്ള പ്രവർത്തികൾ എന്തെല്ലാമാണ് ;

(ഡി) പ്രസ്തുത പ്രവർത്തികൾ പൂർത്തീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ പ്രസ്തുത പ്രവർത്തികൾ അടിയന്തിരമായി പൂർത്തീകരിക്കുവാൻ നടപടി സ്വീകരിക്കുമോ ?

## കേരള നിയമസഭ
## 14.06.2012 -ലെ മറുപടിക്ക്

**<u>കെ.എസ്.റ്റി.പി രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്താൻ നിശ്ചയിച്ചിട്ടുള്ള റോഡുകൾ</u>**

1165 **ശ്രീ. പാലോട് രവി**
**,, ജോസഫ് വാഴക്കൻ**
**,, അൻവർ സാദത്ത്**
**,, കെ. അച്ചുതൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പൊതുമരാമത്ത് വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.റ്റി.പി രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്താൻ എത്ര കി.മി റോഡുകൾക്കാണ് ലോകബാങ്ക് അംഗീകാരം നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) റോഡ് നിർമ്മിക്കുന്നതിനോട് അനുബന്ധിച്ചുള്ള മെയിന്റനൻസ് വ്യവസ്ഥകൾ എന്തൊക്കെയാണ്;

(സി) റോഡ് നിർമ്മാണത്തിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ

## 14.06.2012 -ലെ മറുപടിക്ക്

**പാതയോരങ്ങളിൽ സ്ഥാപിച്ചിട്ടുള്ള തെരുവുവിളക്കുകൾ**

**1166** ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പൊതുമരാമത്ത് വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കെ. എസ്. റ്റി. പി. റോഡുനിർമ്മാണത്തിന്റെ ഭാഗമായി പാതയോരങ്ങളിൽ സ്ഥാപിച്ചിട്ടുള്ള തെരുവുവിളക്കുകളുടെ എണ്ണം എത്രയാണ്;

(ബി) പ്രസ്തുത തെരുവുവിളക്കുകൾ കത്തിക്കുന്നതിന് നാളിതുവരെ ആരെയെങ്കിലും ചുമതലപ്പെടുത്തിയിട്ടുണ്ടോ;

(സി) പ്രസ്തുത വിളക്കുകൾ നാളിതുവരെ പ്രകാശിപ്പിക്കാതിരിക്കുന്നതിന്റെ കാരണങ്ങൾ വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത വിളക്കുകൾ അടിയന്തിരമായി പ്രകാശിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 14.06.2012 -ലെ മറുപടിക്ക്

**കണ്ണൂർ ജില്ലയിൽ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്ത റോഡുകളുടെ വിശദാംശം**

1167 **ശ്രീ. ഇ. പി. ജയരാജൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ ഏതെല്ലാം റോഡുകളാണ് 2011 ജൂൺ മാസത്തിനുശേഷം പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്തതെന്ന് വ്യക്തമാക്കുമോ ;

(ബി) നിലവിലുളള പഞ്ചായത്ത് റോഡുകളും പ്രധാനപ്പെട്ട ഗ്രാമീണ റോഡുകളും പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കുന്നതിനുളള മാനദണ്ഡം വ്യക്തമാക്കുമോ ;

(സി) ഒരു നിയോജക മണ്ഡലത്തിലൂടെ കടന്നുപോകുന്ന ദേശീയപാത, സംസ്ഥാന പാത, മേജർ ഡിസ്ട്രിക്ട് റോഡുകൾ, അദർ ഡിസ്ട്രിക്ട് റോഡുകൾ എന്നിവയും അവ കൂടാതെ മറ്റു സുപ്രധാനമായ ഗ്രാമീണ റോഡുകളും സംബന്ധിച്ച് പൊതുമരാമത്ത് വകുപ്പ് സി.ഡി തയ്യാറാക്കിയിട്ടുണ്ടെങ്കിൽ ജനപ്രതിനിധികൾക്ക് പ്രാദേശിക വികസന മുൻഗണനകൾ നിശ്ചയിക്കുവാനും വികസന പ്രശ്നങ്ങൾ ചർച്ച ചെയ്യുവാനും സഹായകമായ രീതിയിൽ മേൽ വിവരങ്ങൾ ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 14.06.2012 -ലെ മറുപടിക്ക്

**<u>കല്ല്യാശ്ശേരി നിയോജക മണ്ഡലത്തിലെ റോഡുകൾ</u>**

1168 **ശ്രീ. റ്റി. വി. രാജേഷ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പൊതുമരാമത്ത് വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) **കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി നിയോജക മണ്ഡലത്തിൽ പുതുതായി പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്ത റോഡുകൾ ഏതൊക്കെയാണ്; ഇവയുടെ നിർമ്മാണ പുരോഗതി വ്യക്തമാക്കാമോ;**

(ബി) **കല്ല്യാശ്ശേരി നിയോജക മണ്ഡലത്തിൽ 2011 മാർച്ച് മാസത്തിനുശേഷം പുനരുദ്ധാരണ പ്രവൃത്തികൾ നടത്തിയതും നടന്നു വരുന്നതുമായ റോഡുകൾ ഏതൊക്കെയാണ്; ഓരോ റോഡിന്റേയും നിർമ്മാണ പ്രവൃത്തികൾക്ക് എത്ര രൂപ വീതമാണ് നീക്കിവെച്ചിട്ടുള്ളത്?**

## കേരള നിയമസഭ
## 14.06.2012 -ലെ മറുപടിക്ക്

**തളിപ്പറമ്പ് നിയോജക മണ്ഡലത്തിൽ പുതുതായി പി. ഡബ്ല്യൂ. ഡി. ഏറ്റെടുത്ത റോഡുകളുടെ നവീകരണം**

**1169 ശ്രീ. ജെയിംസ് മാത്യു**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പൊതുമരാമത്ത് വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) തളിപ്പറമ്പ് നിയോജക മണ്ഡലത്തിന്റെ പരിധിയിൽ വരുന്ന ഏതൊക്കെ റോഡുകളാണ് 2012-ൽ ഏറ്റെടുത്ത് നോട്ടിഫൈ ചെയ്തിട്ടുള്ളത്;

(ബി) പ്രസ്തുത റോഡുകളുടെ അറ്റകുറ്റപ്പണികൾക്കായി സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ;

(സി) വർഷങ്ങളായി അറ്റകുറ്റപ്പണികൾ നടക്കാതിരുന്ന പ്രസ്തുത റോഡുകൾ നവീകരിക്കുന്നതിന് അടിയന്തിരമായി നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 14.06.2012 -ലെ മറുപടിക്ക്

**കാസര്‍ഗോഡ് ജില്ലയില്‍ റോഡ്ഇന്‍ഫ്രാസ്ട്രെക്ചര്‍ കമ്പനി കേരള ലിമിറ്റഡ് ഏറ്റെടുത്ത റോഡുകള്‍**

**1170 ശ്രീ. കെ. കുഞ്ഞിരാമന്‍ (ഉദുമ)**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
പൊതുമരാമത്ത് വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്തെ റോഡുകള്‍ മെച്ചപ്പെടുത്തുന്നതിന് റോഡ് ഇന്‍ഫ്രാസ്ട്രെക്ചര്‍ കമ്പനി കേരള ലിമിറ്റഡ് എന്ന സ്ഥാപനം രൂപീകരിച്ചിട്ടുണ്ടോ;

(ബി) എങ്കില്‍ ഈ സ്ഥാപനത്തിന്റെ കീഴില്‍ എത്ര റോഡുകളാണ് ഏറ്റെടുത്ത് അഭിവൃദ്ധിപ്പെടുത്തുന്നതെന്ന് അറിയിക്കാമോ;

(സി) കാസര്‍ഗോഡ് ജില്ലയില്‍ അഭിവൃദ്ധിപ്പെടുത്തുന്ന റോഡുകള്‍ ഏതാണെന്നും വിശദമാക്കുമോ?

# കേരള നിയമസഭ
## 14.06.2012 -ലെ മറുപടിക്ക്

**അമ്പലപ്പുഴ മണ്ഡലത്തിലെ ദേശീയപാത വികസനം**

1171 **ശ്രീ. ജി. സുധാകരൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പൊതുമരാമത്ത് വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) അമ്പലപ്പുഴ മണ്ഡലത്തിലെ ദേശീയ പാത വികസിപ്പിക്കുന്നതിന്റെ അലൈൻമെന്റ് വിശദമാക്കാമോ;

(ബി) പ്രസ്തുത ഭാഗം എത്ര വരി ദേശീയപാതയായി വികസിപ്പിക്കുവാനാണ് ഉദ്ദേശിക്കുന്നത്;

(സി) ദേശീയപാത വികസനത്തിനായി സ്ഥലം ഏറ്റെടുക്കുമ്പോൾ വ്യാപാരസ്ഥാപനങ്ങളും, വീടുകളും നഷ്ടപ്പെടുന്നവരെ പുനരധിവസിപ്പിക്കുന്നതിന് പദ്ധതിയുണ്ടോ;

(ഡി) സ്ഥലം ഏറ്റെടുക്കുന്നവർക്ക് നഷ്ടപരിഹാരം നൽകുന്നതിനുള്ള മാനദണ്ഡം നിശ്ചയിച്ചിട്ടുണ്ടോ;

(ഇ) നിലവിലുള്ള ദേശീയപാതയുടെ കിഴക്കും പടിഞ്ഞാറും ഭാഗങ്ങളിൽ നിന്നും തുല്യമായാണോ സ്ഥലം ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 14.06.2012 -ലെ മറുപടിക്ക്

**<u>മണ്ണൂത്തി - വാളയാർ ദേശീയ പാതയുടെ പുനർ നിർമ്മാണം</u>**

**1172 ശ്രീമതി ഗീതാ ഗോപി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പൊതുമരാമത്ത് വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മണ്ണൂത്തി - വാളയാർ ദേശീയ പാതയുടെ പുനർ നിർമ്മാണ പ്രവർത്തി ഏത് വരെയായെന്നും ഇനി എന്തെല്ലാം പ്രവർത്തികളാണ് പൂർത്തീകരിക്കേണ്ടതെന്നും വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത പാതയിലെ ഗതാഗത കുരുക്ക് പരിഹരിക്കുന്നതിന് നിലവിൽ എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ ?

# കേരള നിയമസഭ
## 14.06.2012 -ലെ മറുപടിക്ക്

**പൊന്നാനി - എടപ്പാൾ റോഡിന്റെ അറ്റകുറ്റപ്പണി**

1173 **ഡോ. കെ. ടി. ജലീൽ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പൊതുമരാമത്ത് വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) തവനൂർ മണ്ഡലത്തിലെ പൊന്നാനി - എടപ്പാൾ റോഡിൽ തട്ടാൻ പടി മുതൽ ചെറിയപാലം വരെ അറ്റകുറ്റപ്പണികളും, റീടാറിംഗും നടത്തിയിട്ട് എത്ര വർഷമായി എന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത റോഡ് റീടാറിംഗ് നടത്താൻ അടിയന്തിര നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 14.06.2012 -ലെ മറുപടിക്ക്

**ടെണ്ടർ നിരക്ക് അധികരിച്ച് നൽകുന്നത്**

1174 **ശ്രീ. കെ.കെ. ജയചന്ദ്രൻ**
**ശ്രീ. വി.ചെന്താമരാക്ഷൻ**
**ശ്രീ. പുരുഷൻ കടലുണ്ടി**
**ശ്രീ. കെ. കുഞ്ഞിരാമൻ(ഉദുമ)**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പൊതുമരാമത്ത് വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ടെണ്ടർ നിരക്ക് അധികരിച്ച് നൽകുന്നതിന് ഉദ്യോഗസ്ഥർക്ക് സർക്കാർ അധികാരം നൽകിയിട്ടുണ്ടോ; ഇത്തരത്തിൽ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; പകർപ്പ് ലഭ്യമാക്കാമോ;

(ബി) ഇങ്ങനെ നിരക്ക് ഉയർത്തികൊടുക്കുന്നത് എത്ര തുക വരെ അടങ്കൽ വരുന്ന പ്രവൃത്തികൾക്കാണ് എന്ന് വ്യക്തമാക്കാമോ;

(സി) എത്ര ശതമാനം വരെ ടെണ്ടർ തുക അധികരിച്ച് നൽകാമെന്ന് നിജപ്പെടുത്തിയിട്ടുള്ളത്?

# കേരള നിയമസഭ
## 14.06.2012 -ലെ മറുപടിക്ക്

**വയനാട് ചുരം റോഡിന് സമാന്തര ബൈപ്പാസ്**

1175 **ശ്രീ. എം. വി. ശ്രേയാംസ്കുമാർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത്** വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) **വയനാട് ചുരം റോഡിന് സമാന്തരമായി ബൈപ്പാസ് നിർമ്മിക്കുന്നതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭി ച്ചുവോ ; വിശദമാക്കുമോ ;**

(ബി) **പ്രസ്തുത ബൈപ്പാസിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനായി ഏതെങ്കിലും ഏജൻസിയെ ചുമതലപ്പെടുത്തിക്കൊണ്ട് ഉത്തരവ് ഇറങ്ങിയിട്ടുണ്ടോ;**

(സി) **പ്രസ്തുത റോഡ് നിർമ്മാണത്തിനുള്ള പ്രവർത്തനങ്ങൾ അടിയന്തിരമായി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?**

## കേരള നിയമസഭ
## 14.06.2012 -ലെ മറുപടിക്ക്

<u>പേരാമ്പ്ര ബൈപ്പാസ് നിർമ്മാണം</u>

1176 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പൊതുമരാമത്ത് വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര ബൈപ്പാസ് റോഡ് നിർമ്മാണം സംബന്ധിച്ച പുതിയ അലൈൻമെന്റ് അംഗീകരിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അലൈൻമെന്റ് അംഗീകരിച്ചത് എപ്പോഴാണെന്നും അതിന്റെ പകർപ്പും ലഭ്യമാക്കുമോ ;

(സി) പ്രസ്തുത ബൈപ്പാസ് റോഡിന്റെ ഭൂമി ഏറ്റെടുക്കൽ നടപടി ഇപ്പോൾ ഏത് ഘട്ടത്തിലാണ് ;

(ഡി) ലാന്റ് അക്വിസിഷനുമായി ബന്ധപ്പെട്ട് ജില്ലാ കളക്ടറോട് റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ ; റിപ്പോർട്ട് ലഭിച്ചിട്ടുണ്ടെങ്കിൽ എപ്പോൾ ലഭിച്ചു എന്നും വെളിപ്പെടുത്തുമോ ;

(എഫ്) ലാന്റ് അക്വിസിഷൻ സംബന്ധിച്ച് പുതിയ മാർഗ്ഗ നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ടോ ? ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ജി) പ്രസ്തുത റോഡിന്റെ പുതിയ അലൈൻമെന്റ് അംഗീകരിച്ചതിന്റെ ഭാഗമായുള്ള ലാന്റ് അക്വിസിഷൻ നടപടികൾക്ക് കാലതാമസം നേരിടുന്നതായി കരുതുന്നുണ്ടോ ;

(എച്ച്) എങ്കിൽ ഇത് പരിഹരിക്കുന്നതിനായി എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 14.06.2012 -ലെ മറുപടിക്ക്

**<u>കൊടുവള്ളി, താമരശ്ശേരി ടൗണുകളിലെ ബൈപ്പാസ് നിർമ്മാണം</u>**

1177 **ശ്രീ. വി.എം. ഉമ്മർ മാസ്റ്റർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പൊതുമരാമത്ത് വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കൊടുവള്ളി നിയോജക മണ്ഡലത്തിൽ കോഴിക്കോട് - വയനാട് ദേശീയ പാതയിലെ കൊടുവള്ളി, താമരശ്ശേരി ടൗണുകളിൽ ബൈപ്പാസ് നിർമ്മാണം എന്ന് ആരംഭിക്കാൻ കഴിയുമെന്ന് പറയുമോ ;

(ബി) ഇതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 14.06.2012 -ലെ മറുപടിക്ക്

**<u>മക്കരപറമ്പ് ബൈപ്പാസ്</u>**

1178 **ശ്രീ. റ്റി.എ. അഹമ്മദ് കബീര്‍**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പൊതുമരാമത്ത്** വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) **മലപ്പുറം ജില്ലയിലെ മക്കരപറമ്പ് ടൗണിലെ ഗതാഗതക്കുരുക്കിന് ശാശ്വത പരിഹാരം കാണുന്നതിന് മക്കരപറമ്പ് ബൈപ്പാസ് നിര്‍മ്മിക്കണമെന്ന ആവശ്യം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ ;**

(ബി) **ഉണ്ടെങ്കില്‍ മക്കരപറമ്പ് ബൈപ്പാസ് നിര്‍മ്മിക്കുന്നതിന് സത്വര നടപടികള്‍ സ്വീകരിക്കുമോ ?**

# കേരള നിയമസഭ
## 14.06.2012 -ലെ മറുപടിക്ക്

**സ്റ്റേറ്റ് റോഡ് ഇംപ്രൂവ്മെന്റ് പദ്ധതിയിൽ ഉൾപ്പെടുത്തിയ ഒറ്റപ്പാലം അസംബ്ളി മണ്ഡലത്തിലെ റോഡുകൾ**

1179 **ശ്രീ. എം. ഹംസ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പൊതുമരാമത്ത് വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സ്റ്റേറ്റ് റോഡ് ഇംപ്രൂവ്മെന്റ് പദ്ധതി പ്രകാരം ഒറ്റപ്പാലം അസംബ്ളി മണ്ഡലത്തിലെ ഏതെല്ലാം റോഡുകളെയാണ് ഉൾപ്പെടുത്തിയിരിക്കുന്നത് ;

(ബി) എസ്. ആർ. ഐ. പി. പദ്ധതി പ്രകാരം പ്രസ്തുത റോഡുകൾ എന്ന് പ്രവൃത്തി ആരംഭിക്കുവാൻ കഴിയുമെന്ന് വിശദമാക്കാമോ ?

# കേരള നിയമസഭ
## 14.06.2012 -ലെ മറുപടിക്ക്

**<u>കോഴിക്കോട് നിന്ന് വയനാട്ടിലേക്ക് ബദൽപാത</u>**

1180 **ശ്രീ. പുരുഷൻ കടലുണ്ടി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പൊതുമരാമത്ത് വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നിന്ന് വയനാട്ടിലേക്ക് ബാലുശ്ശേരി-തലയാട്-ചുരത്തോട്-തരിയോട് വഴിയുള്ള ചുരം ബദൽ പാതയുടെ സാധ്യതകൾ പഠനവിധേയമാക്കിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ഏറ്റവും ചെലവ് കുറഞ്ഞതും പരിസ്ഥിതി സൗഹൃദവുമായ പ്രസ്തുത പാതയുടെ സാധ്യതകൾ പഠിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 14.06.2012 -ലെ മറുപടിക്ക്

**<u>ചേർത്തല മണ്ഡലത്തിലെ ഭരണാനുമതി ലഭിച്ച ജോലികളുടെ വിശദാംശം</u>**

1181 **ശ്രീ. പി. തിലോത്തമൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പൊതുമരാമത്ത് വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ചേർത്തല മണ്ഡലത്തിൽ ഈ സർക്കാർ വന്നതിനുശേഷം എത്ര ലക്ഷം രൂപയുടെ പൊതുമരാമത്ത് ജോലികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ;

(ബി) മുൻ സർക്കാരിന്റെ കാലത്ത് ഭരണാനുമതി ലഭിച്ചതും ഈ സർക്കാരിന്റെ കാലത്ത് പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം ഭരണാനുമതി പുതുക്കി ലഭിക്കുന്നതിന് സമർപ്പിക്കപ്പെട്ടതുമായ ചേർത്തല മണ്ഡലത്തിലെ ഏതെങ്കിലും ജോലി ഭരണാനുമതി നൽകാതെ ഫയൽ തീർപ്പാക്കിയിട്ടുണ്ടോ എന്ന് അറിയിക്കുമോ ; എന്തു കാരണത്താലാണ് ഇത് സംഭവിച്ചത് എന്ന് അറിയിക്കുമോ; ഈ പ്രശ്നം പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ ?

**കേരള നിയമസഭ**

**14.06.2012 -ലെ മറുപടിക്ക്**

**ചേലക്കര നിയോജകമണ്ഡലത്തിൽ സ്കൂൾ കെട്ടിട സമുച്ചയങ്ങൾ**

**1182 ശ്രീ. കെ. രാധാകൃഷ്ണൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പൊതുമരാമത്ത് വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ചേലക്കര നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ നിർമ്മാണനടപടികൾ ആരംഭിച്ചിട്ടുള്ള സ്കൂൾ കെട്ടിടസമുച്ചയങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത കെട്ടിടങ്ങളുടെ നിർമ്മാണത്തിലുണ്ടായിട്ടുള്ള കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ ഏറ്റെടുത്തിട്ടുള്ള ഓരോ കെട്ടിടസമുച്ചയത്തിന്റെയും നിർമ്മാണം എന്ന് പൂർത്തിയാക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

## കേരള നിയമസഭ
## 14.06.2012 -ലെ മറുപടിക്ക്

<u>എടയാർ - ആലച്ചേരി റോഡ് നിർമ്മാണം</u>

1183 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പൊതുമരാമത്ത് വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മട്ടന്നൂർ നിയോജകമണ്ഡലത്തിലെ എടയാർ - ആലച്ചേരി റോഡ് നിർമ്മാണ പ്രവർത്തികൾക്ക് എത്ര രൂപയുടെ എസ്റ്റിമേറ്റിനാണ് ഭരണാനുമതി നൽകിയിയതെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത റോഡ് നിർമ്മാണ പ്രവർത്തി എപ്പോഴാണ് ടെൻഡർ ചെയ്തതെന്നും, കരാർ ഏറ്റെടുത്തയാൾ എഗ്രിമെന്റ് ഒപ്പു വച്ചത് എന്നാണെന്നും വ്യക്തമാക്കുമോ ;

(സി) എഗ്രിമെന്റ് പ്രകാരം കരാറുകാരൻ പ്രവർത്തി പൂർത്തീകരിച്ച് നൽകേണ്ടതെപ്പോഴാണെന്നു വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത റോഡ് നിർമ്മാണ പ്രവർത്തിയുടെ നിലവിലെ സ്ഥിതിയെന്തെന്ന് വ്യക്തമാക്കുമോ ;

(ഇ) എടയാർ - ആലച്ചേരി റോഡ് നിർമ്മാണ പ്രവർത്തി എപ്പോൾ പൂർത്തീകരിക്കും എന്ന് അറിയിക്കുമോ ?

# കേരള നിയമസഭ
## 14.06.2012 -ലെ മറുപടിക്ക്

**<u>തൃശൂർ-ചൂണ്ടൽ വഴി ഗുരുവായൂർ റോഡ്</u>**

1184 **ശ്രീ. പി.എ. മാധവൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പൊതുമരാമത്ത് വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) 2012-13 - ൽ പൊതുമരാമത്ത് വകുപ്പ് മണലൂർ നിയോജകമണ്ഡലത്തിൽ നടപ്പിലാക്കുന്ന പദ്ധതികൾ ഏതെല്ലാമാണ്;

(ബി) തൃശൂർ-ചൂണ്ടൽ വഴി ഗുരുവായൂർ റോഡ് വികസനത്തിന് നടപടികൾ സ്വീകരിക്കുമെന്ന ബഡ്ജറ്റ് പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 14.06.2012 -ലെ മറുപടിക്ക്

**<u>ചേർത്തല തണ്ണീർമുക്കം റോഡിന്റെ ശോചനീയാവസ്ഥ</u>**

1185 **ശ്രീ. പി തിലോത്തമൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പൊതുമരാമത്ത് വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ചേർത്തലയെ കോട്ടയം ജില്ലയുമായി ബന്ധിപ്പിക്കുന്ന ചേർത്തല തണ്ണീർമുക്കം റോഡ് മോശപ്പെട്ട അവസ്ഥയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രതിദിനം ആയിരക്കണക്കിന് വാഹനങ്ങൾ പോകുന്ന പ്രസ്തുത റോഡ് പുനരുദ്ധരിക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 14.06.2012 -ലെ മറുപടിക്ക്

**<u>കോഴിക്കോട് ജില്ലയിൽ അപ്രോച്ച് റോഡ് നിർമ്മിക്കാത്തത് മൂലം തുറന്നുകൊടുക്കാൻ സാധിക്കാത്ത പാലങ്ങൾ</u>**

**1186** **ശ്രീ. പി. റ്റി. എ. റഹീം**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പൊതുമരാമത്ത് വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) **കോഴിക്കോട് ജില്ലയിൽ പാലങ്ങളുടെ പണി പൂർത്തിയായിട്ടും അപ്രോച്ച് റോഡ് നിർമ്മിക്കാത്തത് മൂലം തുറന്നുകൊടുക്കാൻ സാധിക്കാത്ത എത്ര പാലങ്ങളുണ്ടെന്ന് വ്യക്തമാക്കാമോ ;**

(ബി) **എങ്കിൽ അവ ഏതെല്ലാമാണ്;**

(സി) **ഇവയുടെ ലാന്റ് അക്വിസിഷൻ നടപടികൾക്ക് എന്തു തടസ്സമാണ് നിലവിലുളളത്; ഓരോന്നിന്റെ വിശദ വിവരങ്ങൾ ലഭ്യമാക്കാമോ?**

# കേരള നിയമസഭ
## 14.06.2012 -ലെ മറുപടിക്ക്

**തൃക്കടാരിപ്പൊയിൽ -ഇടുമ്പ- കണ്ണവം റോഡ്**

1187 **ശ്രീ. ഇ. പി. ജയരാജൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പൊതുമരാമത്ത് വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മട്ടന്നൂർ നിയോജ മണ്ഡലത്തിലെ തൃക്കടാരിപ്പൊയിൽ -ഇടുമ്പ-കണ്ണവം റോഡ് നിർമ്മാണ പ്രവൃത്തികൾക്ക് എത്ര രൂപയുടെ എസ്റ്റിമേറ്റിനാണ് ഭരണാനുമതി നൽകിയതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത റോഡ് നിർമ്മാണ പ്രവർത്തനം എപ്പോഴാണ് ടെൻഡർ ചെയ്തതെന്നും, കരാർ ഏറ്റെടുത്തയാൾ വകുപ്പുമായി എഗ്രിമെന്റ് ഒപ്പുവച്ചത് എന്നാണെന്നും വ്യക്തമാക്കുമോ;

(സി) എഗ്രിമെന്റ് പ്രകാരം കരാറുകാരൻ പ്രവൃത്തി പൂർത്തീകരിച്ച് നൽകേണ്ടതെപ്പോഴാണെന്നും വ്യക്തമാക്കുമോ;

(ഡി) മേൽ പ്രസ്തുത റോഡ് നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതിയെന്തെന്ന് വ്യക്തമാക്കുമോ;

(ഇ) സർക്കാരുമായി കരാറുകളിൽ ഏർപ്പെടുകയും കരാർ പ്രകാരം പ്രവൃത്തികൾ ഏറ്റെടുക്കുകയും പൂർത്തീകരിക്കാതിരിക്കുകയും സർക്കാർ നടപടികളെ ലാഘവത്തോടെ നേരിടുകയും ചെയ്യുന്ന കരാറുകാർക്കെതിരെ എന്തു നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(എഫ്) തൃക്കടാരിപ്പൊയിൽ-ഇടുമ്പ-കണ്ണവം റോഡ് നിർമ്മാണം എപ്പോൾ പൂർത്തീകരിക്കുമെന്ന് ഉറപ്പു നൽകാൻ കഴിയുമോ ?

## കേരള നിയമസഭ
## 14.06.2012 -ലെ മറുപടിക്ക്

**കുറ്റ്യാടി ബൈപ്പാസ് നിർമ്മാണത്തിന് സ്ഥലമെടുപ്പ് നടപടികൾ**

1188 **ശ്രീമതി കെ. കെ. ലതിക**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പൊതുമരാമത്ത് വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി ബൈപ്പാസ് നിർമ്മാണത്തിന് സ്ഥലമെടുപ്പ് നടപടികൾ ഏതു ഘട്ടം വരെയായി എന്ന് വ്യക്തമാക്കുമോ;

(ബി) ഇതു സംബന്ധിച്ച സർക്കാർ ഉത്തരവ് എന്ന് പുറപ്പെടുവിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 14.06.2012 -ലെ മറുപടിക്ക്

**മാങ്കാവ് - കായലം റോഡിന്റെ പുനരുദ്ധാരണ പ്രവർത്തികൾ**

**1189 ശ്രീ. പി. റ്റി. എ റഹീം**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പൊതുമരാമത്ത് വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മാങ്കാവ് - കായലം റോഡിന്റെ പുനരുദ്ധാരണ പ്രവർത്തികൾ ഏത് ഘട്ടത്തിലാണ്; ഇത് എത്ര ഘട്ടമായിട്ടാണ് ടെണ്ടർ ചെയ്തത്; എത്ര ഘട്ടം പണി പൂർത്തിയായി;

(ബി) കരാർ എഴുതിയിട്ടുള്ള പ്രവർത്തി പൂർത്തിയാക്കാത്തത് മൂലം ജനങ്ങൾ ബുദ്ധിമുട്ട് അനുഭവിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവ പരിഹരിക്കുന്നതിന് എന്ത് നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

**കേരള നിയമസഭ**
**14.06.2012 -ലെ മറുപടിക്ക്**

**ആറ്റിങ്ങൽ ബൈപാസ്**

1190 **ശ്രീ. ബി. സത്യൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പൊതുമരാമത്ത് വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ പട്ടണത്തിലെ ഗതാഗതക്കുരുക്ക് ഒഴിവാക്കാനും നാഷണൽ ഹൈവേയിലെ അപകടങ്ങൾ കുറയ്ക്കാനുമായി പരിഗണനയിലുള്ള ആറ്റിങ്ങൽ ബൈപാസ് റോഡ് പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണ്;

(ബി) പ്രസ്തുത ബൈപാസ് റോഡ് പദ്ധതി നടപ്പിൽ വരുത്തുവാൻ എത്ര തുക വേണ്ടിവരുമെന്ന് പറയുമോ;

(സി) പ്രസ്തുത പദ്ധതി നടപ്പിൽ വരുത്തുന്നതിന് സംസ്ഥാന സർക്കാർ എടുക്കേണ്ട നടപടികൾ എന്തെല്ലാമെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
## 14.06.2012 -ലെ മറുപടിക്ക്

**തട്ടാൻപടി പൊൽപാക്കര റോഡും, മട്ടന്നൂർ ചേകന്നൂർ റോഡും നന്നാക്കുവാൻ നടപടി**

1191 **ഡോ. കെ. ടി. ജലീൽ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പൊതുമരാമത്ത് വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) തവന്നൂർ നിയോജക മണ്ഡലത്തിലെ തട്ടാൻപടി പൊൽപാക്കര റോഡ്, മാന്നൂർ ചേകന്നൂർ റോഡ് എന്നിവ ഗതാഗതയോഗ്യമല്ലാതായിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത റോഡുകൾ ഗതാഗതയോഗ്യമാക്കുന്നതിനാവശ്യമായ എസ്റ്റിമേറ്റ് ലഭിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ പ്രസ്തുത റോഡുകൾ നന്നാക്കുന്നതിനായി അടിയന്തിര നടപടി സ്വീകരിക്കമോ ?

## കേരള നിയമസഭ
## 14.06.2012 -ലെ മറുപടിക്ക്

**കരാറുകാർക്ക് ബിൽ കുടിശ്ശിക**

1192 ഡോ. ടി.എം.തോമസ് ഐസക്
ശ്രീ. കെ. വി. അബ്ദുൾ ഖാദർ
'' സി. കൃഷ്ണൻ
'' എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പൊതുമരാമത്ത് വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിൽ പ്രവൃത്തി ഏറ്റെടുത്ത് പണി പൂർത്തീകരിച്ച കരാറുകാർക്ക് ബിൽ കുടിശ്ശിക എത്ര രൂപയാണ് നൽകാനുള്ളത് ;

(ബി) കരാറുകാർക്ക് നൽകാനുള്ള കുടിശ്ശിക എന്നത്തേക്ക് നൽകുമെന്ന് വ്യക്തമാക്കുമോ ; തുക സമയബന്ധിതമായി നൽകാതിരിക്കുന്നത് നിർമ്മാണപ്രവൃത്തികൾ മന്ദഗതിയിലാക്കാൻ ഇടയാക്കുന്നു എന്നറിയാമോ ?

# കേരള നിയമസഭ
## 14.06.2012 -ലെ മറുപടിക്ക്

<u>കോതമംഗലം മിനി സിവിൽ സ്റ്റേഷന്റെ നിർമ്മാണം</u>

1193 ശ്രീ. റ്റി. യു. കുരുവിള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പൊതുമരാമത്ത് വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മിനി സിവിൽ സ്റ്റേഷന്റെ നിർമ്മാണ പ്രവർത്തനം സ്തംഭിച്ചിരിക്കുന്നതിന്റെ കാരണങ്ങൾ വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത സ്തംഭനാവസ്ഥ ഒഴിവാക്കി, സമയ ബന്ധിതമായി നിർമ്മാണം പൂർത്തീകരിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) നിർമ്മാണം എത്രയും വേഗം പൂർത്തീകരിക്കുന്നതിലേയ്ക്കായി ബന്ധപ്പെട്ടവരുടെ യോഗം വിളിക്കുന്നതിനും, കർശനമായ നിർദ്ദേശങ്ങൾ നല്കുന്നതിനും നടപടികൾ സ്വീകരിക്കുമോ ; വിശദാംശം ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 14.06.2012 -ലെ മറുപടിക്ക്

**ആറ്റിങ്ങൽ നിയമസഭാ മണ്ഡലത്തിൽ പൊതുമരാമത്ത് വർക്കുകൾക്ക് ഭരണാനുമതി നൽകാൻ നടപടി**

1194 **ശ്രീ. ബി. സത്യൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പൊതുമരാമത്ത് വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ നിയമസഭാ മണ്ഡലത്തിൽ 2011 മേയ് മുതൽ 2012 മേയ് വരെ ഏതെല്ലാം പൊതുമരാമത്ത് വർക്കുകൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളത്; റോഡ്സ്, ബ്രിഡ്ജസ്, ബിൽഡിംഗ്സ് എന്നീ വിഭാഗങ്ങൾ ചെലവഴിച്ച കണക്ക് ഇനം തിരിച്ച് ലഭ്യമാക്കുമോ;

(ബി) ഇതിൽ ഏതെല്ലാം പ്രവൃത്തികളുടെ നിർമ്മാണം ആരംഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) പുതിയതായി ഏതെല്ലാം പ്രവൃത്തികളാണ് ഭരണാനുമതി ലഭിക്കുന്നതിനായി പൊതുമരാമത്ത് വകുപ്പിലുള്ളതെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
# 14.06.2012 -ലെ മറുപടിക്ക്

**കൊയിലാണ്ടി നിയോജക മണ്ഡലത്തിലെ വിവധ പ്രവൃത്തികളുടെ വിശദാംശം**

1195 **ശ്രീ. കെ. ദാസൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പൊതുമരാമത്ത് വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) 2012-2013 ബജറ്റിൽ പൊതുമരാമത്തിന് കീഴിൽ വിവിധ വകുപ്പുകളിൽ പി.ഡബ്ലൂ.ഡി യുടെ റോഡുകൾ, പാലങ്ങൾ, എൻ.എച്ച്, ബിൽഡിംഗ്, സ്പെഷ്യൽ ബിൽഡിംഗുകൾ എന്നിവ കോഴിക്കോട് ജില്ലയിൽ നടപ്പിലാക്കുന്നതിന് ഭരണാനുമതി ലഭിച്ച പ്രവൃത്തികളിൽ കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ നടപ്പിലാക്കാൻ അനുവദിച്ച പ്രവൃത്തികൾ ഏതെല്ലാം ; പ്രസ്തുത പ്രവൃത്തികളുടെ എ.എസ് തുക എത്ര; പ്രവൃത്തി ഇപ്പോൾ ഏത് ഘട്ടത്തിൽ ; എന്ന് പൂർത്തീകരിക്കാൻ കഴിയും; ഓരോ പ്രവൃത്തിയുടെയും കാര്യം വ്യക്തമായി പ്രത്യേകം വിശദീകരിക്കുമോ ;

(ബി) 2012-2013 ബജറ്റിൽ ബജറ്റ് എസ്റ്റിമേറ്റ് അനുബന്ധത്തിൽ ഭരണാനുമതിയില്ലാതെ ടോക്കൺ മണി പ്രൊവിഷനിൽ കൊയിലാണ്ടി മണ്ഡലത്തിൽ അനുവദിച്ചതും ഉൾപ്പെടുന്നതുമായ പ്രവൃത്തികൾ ഏതെല്ലാം ; വിശദമായ പട്ടിക ലഭ്യമാക്കാമോ ; പി.ഡബ്ലൂ.ഡി യിലെ ഓരോ വിഭാഗവും പ്രത്യേകം ലഭ്യമാക്കാമോ ;

(സി) മുൻസർക്കാരിന്റെ ഭരണാനുമതിയുള്ള കൊയിലാണ്ടി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയുടെ പുതിയ കെട്ടിട നിർമ്മാണ പ്രവൃത്തി നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ് എന്ന് വ്യക്തമാക്കാമോ ; ഇത് എപ്പോൾ ആരംഭിക്കാൻ കഴിയും എന്ന് വ്യക്തമാക്കാമോ ?

## കേരള നിയമസഭ
## 14.06.2012 -ലെ മറുപടിക്ക്

**തലശ്ശേരി അസംബ്ലി മണ്ഡലത്തിലെ 2012-2013 സാമ്പത്തിക വർഷത്തിൽ ഏറ്റെടുത്തു നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പൊതുമരാമത്ത് പണികൾ**

1196 **ശ്രീ. കോടിയേരി ബാലകൃഷ്ണൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പൊതുമരാമത്ത് വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി അസംബ്ലി മണ്ഡലത്തിൽ 2012-13 -ൽ ഏറ്റെടുത്ത് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പൊതുമരാമത്ത് പണികൾ ഏതൊക്കെയെന്ന് വെളിപ്പെടുത്താമോ;

(ബി) ഇതിൽ ഓരോ പ്രവൃത്തിക്കും നീക്കിവെച്ച തുകയും, ഓരോ പ്രവൃത്തിയും നിലവിൽ ഏത് ഘട്ടത്തിലാണെന്നും വെളിപ്പെടുത്തുമോ?

## കേരള നിയമസഭ
## 14.06.2012 -ലെ മറുപടിക്ക്

<u>പുതുക്കാടും നന്തിക്കരയിലും ആര്‍.ഒ.ബി നിര്‍മ്മാണം</u>

1197 പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
പൊതുമരാമത്ത് വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) പുതുക്കാട് മണ്ഡലത്തിലെ, പുതുക്കാട് ആര്‍.ഒ.ബി നന്തിക്കര ആര്‍.ഒ.ബി എന്നിവ നിര്‍മ്മിക്കണം എന്ന ആവശ്യം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കില്‍, സ്വീകരിച്ച നടപടികള്‍ എന്തെല്ലാം; വിശദമാക്കുമോ ?

# കേരള നിയമസഭ
## 14.06.2012 -ലെ മറുപടിക്ക്

**തൃക്കരിപ്പൂർ ഗവൺമെന്റ് പോളിടെക്നിക് നിർമ്മാണം**

1198 **ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പൊതുമരാമത്ത് വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) തൃക്കരിപ്പൂർ ഗവൺമെന്റ് പോളിടെക്നിക്കിൽ പണിമുടങ്ങി കിടക്കുന്ന കെട്ടിടങ്ങൾ പൂർത്തീകരിക്കുന്നതിന് വകുപ്പ് മന്ത്രി തലത്തിലും ചീഫ് എഞ്ചിനീയർമാരുടെയും യോഗങ്ങൾ വിളിച്ച് കൂട്ടി മാസങ്ങൾ കഴിഞ്ഞിട്ടും ഇതിനായി തയ്യാറാക്കി സമർപ്പിച്ച റിവൈസ്ഡ് എസ്റ്റിമേറ്റിനുള്ള അംഗീകാരം വൈകുന്നതിന്റെ കാരണം വ്യക്തമാക്കുമോ;

(ബി) ഇതിനുള്ള അംഗീകാരം എപ്പോൾ ലഭ്യമാക്കുമെന്നും ഈ പ്രവൃത്തി എന്ന് പുനരാരംഭിക്കാൻ കഴിയുമെന്നും വ്യക്തമാക്കുമോ ?

**കേരള നിയമസഭ**
**14.06.2012 -ലെ മറുപടിക്ക്**

**<u>അടൂർ വെറ്റിനറി പോളിക്ലിനിക്ക് റീടെൻഡറിംഗ്</u>**

**1199** **ശ്രീ. ചിറ്റയം ഗോപകുമാർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പൊതുമരാമത്ത് വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) അടൂർ വെറ്റിനറി പോളിക്ലിനിക്കിന്റെ ജോലി റീ ടെണ്ടർ ചെയ്യേണ്ടുന്നതിന് നിലവിലുള്ള കാലതാമസം എന്തെന്ന് വിശദമാക്കുമോ:

(ബി) പ്രസ്തുത നടപടി സമയബന്ധിതമായി പൂർത്തീകരിക്കുമോ ?

## കേരള നിയമസഭ
## 14.06.2012 -ലെ മറുപടിക്ക്

**<u>നടുവണ്ണൂർ ഹയർസെക്കണ്ടറി സ്കൂൾ കെട്ടിടനിർമ്മാണം</u>**

**1200 ശ്രീ. പുരുഷൻ കടലുണ്ടി**

താഴെ കാണുന്ന ചോദ്യത്തിന്
പൊതുമരാമത്ത് വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

**അപകടകരമായവിധം ജീർണ്ണിച്ച നടുവണ്ണൂർ ഗവൺമെന്റ് ഹയർസെക്കണ്ടറി സ്കൂൾ കെട്ടിടം പുനർനിർമ്മിക്കുന്നത് സംബന്ധിച്ച നടപടിയുടെ പുരോഗതി അറിയിക്കുമോ ?**

# കേരള നിയമസഭ
## 14.06.2012 -ലെ മറുപടിക്ക്

**പുനലൂർ റസ്റ്റ് ഹൗസ് പുനർ നിർമ്മാണം**

1201 **ശ്രീ. കെ. രാജു**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പൊതുമരാമത്ത് വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പുനലൂർ റസ്റ്റ് ഹൗസ് പുനർ നിർമ്മാണത്തിന്റെ നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ;

(ബി) കെട്ടിടവിഭാഗം എസ്റ്റിമേറ്റ് തയ്യാറാക്കി ചീഫ് എഞ്ചിനീയർക്ക് സമർപ്പിച്ചിട്ടുള്ള സാഹചര്യത്തിൽ പ്രസ്തുത നിർമ്മാണം ത്വരിതപ്പെടുത്തുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 14.06.2012 -ലെ മറുപടിക്ക്

**കോങ്ങാട് റസ്റ്റ് ഹൗസ് നിർമ്മാണം**

**1202 ശ്രീ. കെ. വി. വിജയദാസ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പൊതുമരാമത്ത് വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കോങ്ങാട് 'റസ്റ്റ് ഹൗസ്' നിർമ്മാണം 2012-13 ബഡ്ജറ്റിൽ ഉൾക്കൊള്ളിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും ബഡ്ജറ്റിൽ തുക ഉൾക്കൊള്ളിച്ചു കിട്ടുന്ന മുറയ്ക്ക് നിർമ്മാണ പ്രവൃത്തികൾക്ക് നടപടികൾ തുടങ്ങാവുന്നതാണെന്നും ഗവൺമെന്റ് പ്രഖ്യാപിച്ചിരുന്നോ ;

(ബി) ബഡ്ജറ്റിൽ പോലും 'കോങ്ങാട് റസ്റ്റ് ഹൗസ്' ഉൾപ്പെടുത്തിയിട്ടില്ല എന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കുമോ;

(സി) ഇക്കാര്യത്തിൽ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികളുടെ വിശദാംശം നൽകുമോ?

# കേരള നിയമസഭ
## 14.06.2012 -ലെ മറുപടിക്ക്

<u>**തരൂർ ഗവൺമെന്റ് ആയുർവേദാശുപത്രിയ്ക്ക് കെട്ടിടം**</u>

1203 **ശ്രീ. എ. കെ. ബാലൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത്**
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) **തരൂർ ഗവൺമെന്റ് ആയുർവ്വേദാശുപത്രിയുടെ കെട്ടിട നിർമ്മാണം ഉടനെ ആരംഭിക്കുമോ; ഇതിനായുള്ള നടപടിക്രമങ്ങൾ ഏതുവരെയായെന്ന് പറയാമോ;**

(ബി) **പ്രസ്തുത നിർമ്മാണത്തിന് എത്ര ലക്ഷം രൂപയുടെ ഭരണാനുമതിയാണ് ലഭിച്ചിട്ടുള്ളത്;**

(സി) **നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുവാൻ വൈകുന്നതിന്റെ കാരണമെന്തെന്ന് വ്യക്തമാക്കുമോ?**

# കേരള നിയമസഭ
## 14.06.2012 -ലെ മറുപടിക്ക്

**കോഴിക്കോട് ജില്ലയിൽ നിർമ്മിക്കുന്ന പാലങ്ങളുടെ മേൽനോട്ടത്തിനായുള്ള ബ്രിഡ്ജ് സെക്ഷൻ ഓഫീസുകളുടെ എണ്ണം**

1204 ശ്രീ. സി. മോയിൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പൊതുമരാമത്ത് വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ നിർമ്മിക്കുന്ന പാലങ്ങളുടെ മേൽനോട്ടത്തിനായി ബ്രിഡ്ജ് സെക്ഷൻ ഓഫീസുകൾ എത്രയെണ്ണമാണുള്ളതെന്ന് പറയാമോ ;

(ബി) ബ്രിഡ്ജസിന് ഒറ്റ സെക്ഷൻ ഓഫീസ് മാത്രമുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ബ്രിഡ്ജസിന് കൂടുതൽ സെക്ഷൻ ഓഫീസുകൾ അനുവദിക്കുകയോ അല്ലെങ്കിൽ ജോലിഭാരം കുറവുള്ള പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള ഏതെങ്കിലും സെക്ഷനുകൾ ബ്രിഡ്ജ് സെക്ഷനായി മാറ്റുന്നതിനോ ഉള്ള നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 14.06.2012 -ലെ മറുപടിക്ക്

<u>വയറുപ്പുഴ പാലം</u>

1205 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പൊതുമരാമത്ത് വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പന്തളം അച്ചൻകോവിലാറിന് കുറുകെ മുളമ്പുഴ-ഞെട്ടൂർ കരകളെ ബന്ധിപ്പിച്ചുകൊണ്ടുള്ള വയറപ്പുഴ പാലം അടിയന്തിരമായി നിർമ്മാണമാരംഭിക്കുന്നതിനുള്ള നടപടിയുണ്ടാകുമോ ;

(ബി) ടെൻഡറിംഗിന് മുൻപുള്ള പ്രാഥമിക നടപടിക്രമങ്ങളെല്ലാം പൂർത്തീകരിച്ചിട്ടും പ്രസ്തുത പാലത്തിന്റെ തുടർപ്രവർത്തനങ്ങൾക്ക് യാതൊരു പുരോഗതിയും ഉണ്ടായിട്ടില്ലാത്തതിന്റെ കാരണം വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 14.06.2012 -ലെ മറുപടിക്ക്

**ചെറുതുരുത്തിയിലെ പഴയകൊച്ചിൻപാലം ചരിത്രസ്മാരകമാക്കാൻ നടപടി**

**1206 ശ്രീ. കെ. രാധാകൃഷ്ണൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പൊതുമരാമത്ത് വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പാലക്കാട് - തൃശൂർ ജില്ലകളെ തമ്മിൽ ബന്ധിപ്പിക്കുന്ന ചെറുതുരുത്തിയിലെ പഴയകൊച്ചിൻ പാലത്തിന്റെ തൂണുകൾ തകർന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ബ്രിട്ടീഷ് സർക്കാരിന്റെ കാലത്ത് നിർമ്മിക്കപ്പെട്ട വളരെ പഴക്കമുള്ള ഈ പാലം അറ്റകുറ്റപ്പണികൾ ചെയ്ത് ചരിത്രസ്മാരകമായി സൂക്ഷിക്കുന്നതിന് നിവേദനം ലഭിച്ചിട്ടുണ്ടോ;

(സി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഡി) പൊതുജനതാല്പര്യം മാനിച്ച് ഈ പാലം പഴയനിലയിൽ പുന:സ്ഥാപിച്ച് സംരക്ഷിത ചരിത്ര സ്മാരകമായി നിലനിർത്തുവാൻ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 14.06.2012 -ലെ മറുപടിക്ക്

**തൃക്കുറ്റിശ്ശേരി ചെറിയ പാലം തകർന്നത് പരിഹരിക്കാൻ നടപടി**

1207 **ശ്രീ.പുരുഷൻ കടലുണ്ടി**

താഴെ കാണുന്ന ചോദ്യത്തിന്
പൊതുമരാമത്ത് വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

ബാലുശ്ശേരി അസംബ്ലിമണ്ഡലത്തിലെ -ബാലുശ്ശേരി-കൂരാച്ചുണ്ട് റോഡിലെ തൃക്കുറ്റിശ്ശേരി (3/100)ചെറിയ പാലം തകർന്നത് പരിഹരിക്കാൻ കൈക്കൊണ്ടിട്ടുള്ള നടപടികളുടെ പുരോഗതി വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 14.06.2012 -ലെ മറുപടിക്ക്

**ഇരിണാവ് പാലം നിർമ്മാണം**

1208 **ശ്രീ. റ്റി. വി. രാജേഷ്**

താഴെ കാണുന്ന ചോദ്യത്തിന്
പൊതുമരാമത്ത് വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി നിയോജകമണ്ഡലത്തിലെ ഭരണാനുമതി ലഭിച്ച ഇരിണാവ് പാലത്തിന്റെ നിർമ്മാണപ്രവൃത്തി എന്ന് ആരംഭിക്കാൻ സാധിക്കും ; പ്രവൃത്തി തുടങ്ങാൻ കാലതാമസം നേരിടുന്നതെന്തുകൊണ്ടാണ്;വിശദാംശം നൽകാമോ ?

# കേരള നിയമസഭ
## 14.06.2012 -ലെ മറുപടിക്ക്

**കുരമ്പാല-പഴകുളം റോഡിൽ പുതിയ പാലം**

1209 **ശ്രീ. ചിറ്റയം ഗോപകുമാർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അടൂർ നിയോജക മണ്ഡലത്തിലെ കെ. പി. റോഡ്, എം.സി. റോഡ് എന്നിവയെ ബന്ധിപ്പിക്കുന്ന കുരമ്പാല -പഴകുളം റോഡിൽ അടിയന്തിരമായി പുതിയ പാലം നിർമ്മിക്കാൻ നടപടികൾ സ്വീകരിക്കുമോ ;

(ബി) പ്രസ്തുത ആവശ്യം ഉന്നയിച്ച് നിവേദനം ലഭിച്ചിട്ടുണ്ടോ ; എങ്കിൽ അതിന്മേൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 14.06.2012 -ലെ മറുപടിക്ക്

**മലയാറ്റൂർ-കോടനാട് പാലത്തിന്റെ നിർമ്മാണം**

1210 **ശ്രീ. ജോസ് തെറ്റയിൽ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പൊതുമരാമത്ത് വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മലയാറ്റൂർ-കോടനാട് പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ എന്നത്തേക്ക് പൂർത്തിയാക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ;

(ബി) ആയതിന്റെ എന്തെല്ലാം പ്രവൃത്തികളാണ് ഇനി പൂർത്തിയാക്കാനുള്ളതെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 14.06.2012 -ലെ മറുപടിക്ക്

**കൊരട്ടി റെയിൽവേ ഓവർബ്രിഡ്ജ്**

1211 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പൊതുമരാമത്ത് വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കൊരട്ടി റെയിൽവേ ഓവർബ്രിഡ്ജിന്റെ നിർമ്മാണപ്രവർത്തനവുമായി ബന്ധപ്പെട്ട് റെയിൽവേ ലൈനിനു മുകളിലുള്ള സ്പാനിന്റെ സ്ട്രക്ച്ചറൽ ഡിസൈന് റെയിൽവേയുടെ അംഗീകാരം ലഭിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ഇതിനായി അടിയന്തിര നടപടികൾ സ്വീകരിക്കുമോ?

## കേരള നിയമസഭ
## 14.06.2012 -ലെ മറുപടിക്ക്

### പയ്യന്നൂര്‍ ഓവര്‍ബ്രിഡ്ജ്

1212 ശ്രീ. സി. കൃഷ്ണന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
പൊതുമരാമത്ത് വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) പയ്യന്നൂര്‍ റയില്‍വേ ഓവര്‍ബ്രിഡ്ജിന്റെ ഇരുഭാഗങ്ങളിലെയും പ്രവൃത്തികള്‍ പൂര്‍ത്തീകരിച്ച് മാസങ്ങള്‍ കഴിഞ്ഞിട്ടും റെയില്‍ പാളത്തിന് മുകളിലുള്ള പ്രവൃത്തി പൂര്‍ത്തീകരിക്കാന്‍ വൈകുന്നതിന്റെ കാരണം വിശദമാക്കാമോ;

(ബി) ഈ പ്രവൃത്തി എന്ന് പൂര്‍ത്തീകരിച്ച് ഗതാഗതയോഗ്യമാക്കാന്‍ കഴിയുമെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 14.06.2012 -ലെ മറുപടിക്ക്

**ചേക്കുപാലം നിർമ്മാണം**

1213 **ശ്രീ. കെ.കെ.നാരായണൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പൊതുമരാമത്ത് വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ധർമ്മടം നിയോജക മണ്ഡലത്തിലെ ചേക്കുപാലം നിർമ്മാണം ഏതുഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത നിർമ്മാണത്തിന് എന്നത്തേക്ക് ഭരണാനുമതി നൽകാനാകുമെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 14.06.2012 -ലെ മറുപടിക്ക്

<u>തട്ടാരിപാലം</u>

1214 ശ്രീ. കെ.കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പൊതുമരാമത്ത് വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ധർമ്മടം നിയോജക മണ്ഡലത്തിലെ തട്ടാരിപാലം നിർമ്മിക്കുന്നതിനുള്ള നടപടി ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ ;

(ബി) പ്രസ്തുത നിർമ്മാണത്തിന് ഭരണാനുമതി എന്നത്തേക്ക് നൽകാനാകുമെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 14.06.2012 -ലെ മറുപടിക്ക്

<u>ചൂളക്കടവ് പാലം നിർമ്മാണം</u>

1215 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യത്തിന്
പൊതുമരാമത്ത് വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

പയ്യന്നൂർ മണ്ഡലത്തിലെ രാമന്തളിയെ പയ്യന്നൂർ നഗരസഭയുമായി ബന്ധിപ്പിക്കുന്ന ചൂളക്കടവ് പാലം നിർമ്മാണത്തിന് മലബാർ പാക്കേജിൽ ഉൾപ്പെടുത്തി തുക അനുവദിച്ച് വർഷങ്ങൾ കഴിഞ്ഞിട്ടും പാലംപണി ആരംഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 14.06.2012 -ലെ മറുപടിക്ക്

**അറോക്കുംതോട് പാലവും താഴെതലയാട് പാലവും നവീകരണം**

1216 ശ്രീ. പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പൊതുമരാമത്ത് വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി - എകരൂൽ - കക്കയം റോഡിൽ ഗതാഗതക്കുരുക്ക് സൃഷ്ടിക്കുന്നതും പഴകിയതുമായ അറോക്കുംതോട് പാലവും താഴെതലയാട് പാലവും നവീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ നടപടികളുടെ പുരോഗതി അറിയിക്കുമോ?

# കേരള നിയമസഭ
## 14.06.2012 -ലെ മറുപടിക്ക്

**തോട്ടുകര പാലം, ഓർച്ച പാലം**
**എന്നിവയുടെ നിർമ്മാണം**

1217 **ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പൊതുമരാമത്ത് വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മലബാർ പാക്കേജിൽ പെടുത്തി ജില്ലയിൽ അനുവദിച്ച തോട്ടുകരപാലം, ഓർച്ച പാലം എന്നിവയുടെ നിർമ്മാണം നാളിതുവരെ നടത്താൻ കഴിയാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(ബി) ഈ പ്രവൃത്തി എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 14.06.2012 -ലെ മറുപടിക്ക്

**അഴിമാവ്കടവ് പാലം, പഴുവിൽ പാലം, കലാഞ്ഞി പാലം എന്നിവയുടെ നിർമ്മാണം**

1218 **ശ്രീമതി. ഗീതാ ഗോപി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പൊതുമരാമത്ത് വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) നാട്ടിക നിയോജക മണ്ഡലത്തിലെ അഴിമാവ്കടവ് പാലം, പഴുവിൽ പാലം, കലാഞ്ഞിപാലം എന്നിവയുടെ നിർമ്മാണ പുരോഗതി അറിയിക്കുമോ ;

(ബി) ഇവയുടെ പ്രവൃത്തികളിലെ കാലതാമസം ഒഴിവാക്കുന്നതിന് അടിയന്തിരമായി നടപടികൾ സ്വീകരിക്കുമോ ;

(സി) പ്രസ്തുത പാലങ്ങളുടെ നിർമ്മാണം എന്ന് പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ?

## കേരള നിയമസഭ
## 14.06.2012 -ലെ മറുപടിക്ക്

**മൊയ്തു പ്പാലത്തിന് സമാന്തരമായി**
**ബന്ധിപ്പിക്കുന്ന പുതിയപാലം**

1219 **ശ്രീ. കോടിയേരി ബാലകൃഷ്ണൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പൊതുമരാമത്ത് വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) തലശ്ശേരിയേയും കണ്ണൂരിനേയും ബന്ധിപ്പിക്കുന്ന മൊയ്തു പ്പാലത്തിന് സമാന്തരമായി പുതിയപാലം നിർമ്മിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത പണി എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ?

**കേരള നിയമസഭ**
**14.06.2012 -ലെ മറുപടിക്ക്**

**<u>കോട്ടപ്പുറം പാലം പണി</u>**

**1220 ശ്രീ. കെ. കുഞ്ഞിരാമന്‍ (തൃക്കരിപ്പൂര്‍)**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
പൊതുമരാമത്ത് വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) മലബാര്‍ പാക്കേജില്‍ ഉള്‍പ്പെടുത്തി അനുവദിച്ച കോട്ടപ്പുറം പാലം പണി രണ്ടുവര്‍ഷത്തിലധികമായിട്ടും പുരോഗതിയില്ലാത്ത വിവരം ശ്രദ്ധയില്‍പ്പെടുത്തിയിട്ടും യാതൊരു നടപടിയും സ്വീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(ബി) ഈ പ്രവൃത്തി ഏറ്റെടുത്ത കരാറുകാരന്റെ മെല്ലെപോക്കിനുള്ള കാരണം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 14.06.2012 -ലെ മറുപടിക്ക്

**<u>അത്തിപ്പൊറ്റപ്പാലത്തിന്റെ പുനർ നിർമ്മാണം</u>**

1221 **ശ്രീ. എ. കെ. ബാലൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത്**
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) **തരൂർ മണ്ഡലത്തിലെ അത്തിപ്പൊറ്റപ്പാലത്തിന്റെ പുനർ നിർമ്മാണം ഉടനെ ആരംഭിക്കുമോ; ഇതിനായുള്ള നടപടിക്രമങ്ങൾ വ്യക്തമാക്കുമോ;**

(ബി) **പ്രസ്തുത നിർമ്മാണത്തിന് എത്ര രൂപയുടെ ഭരണാനുമതിയാണ് ലഭിച്ചിട്ടുള്ളത്?**

# കേരള നിയമസഭ
## 14.06.2012 -ലെ മറുപടിക്ക്

**<u>കോഴിക്കോട് അരയിടത്ത് പാലത്തിന് കിഴക്കുള്ള പാലം നിർമ്മാണം</u>**

**1222 ശ്രീ. എ. പ്രദീപ്കുമാർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പൊതുമരാമത്ത് വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് അരയിടത്ത് പാലത്തിന് കിഴക്കുള്ള പാലം നിർമ്മാണം എന്നാണ് ആരംഭിച്ചതെന്ന് വിശദമാക്കുമോ;

(ബി) ഈ പാലം നിർമ്മാണത്തിന് പൊതുമരാമത്ത് വകുപ്പ് തുടക്കം മുതൽ ഇതുവരെ സ്വീകരിച്ച എല്ലാ നടപടികളുടെയും വിശദാംശങ്ങൾ, ഫയൽ നമ്പർ, തീയതി എന്നിവ സഹിതം വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 14.06.2012 -ലെ മറുപടിക്ക്

<u>ശ്രീ. സി. മൊയ്തുവിന്റെ പെൻഷൻ ആനുകൂല്യം</u>

1223 **ശ്രീ. കെ.എം. ഷാജി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പൊതുമരാമത്ത് വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് ഇറിഗേഷൻ വകുപ്പുകൾ ബൈഫർക്കേറ്റ് ചെയ്യും മുമ്പ് പ്രസ്തുത വകുപ്പിൽ ജൂനിയർ എൻജിനീയർ തസ്തികയിൽ ജോലി നോക്കിയശേഷം കേന്ദ്ര സർവ്വീസിൽ നിയമനം ലഭിച്ച് റിട്ടയർ ചെയ്ത കോഴിക്കോട് ചേവായൂർ വൃന്ദാവൻ കോളനി നിവാസി ശ്രീ. സി. മൊയ്തുവിന്റെ സംസ്ഥാന സർവ്വീസ് പെൻഷൻ കണക്കാക്കി കിട്ടാത്തതു സംബന്ധിച്ച് 29-8-2011-ൽ സമർപ്പിച്ച അപേക്ഷ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പൊതുമരാമത്ത് വകുപ്പിന്റെ വിഭജനംമൂലം, അദ്ദേഹം നല്കിയ നിരവധി അപേക്ഷകളിൽ അർഹമായ പരിശോധനയും പരിഗണനയും ഉണ്ടായിട്ടില്ലെന്ന വസ്തുത പരിഗണിച്ച് ഇക്കാര്യത്തിൽ അടിയന്തിരമായ തീരുമാനം കൈക്കൊള്ളാൻ നിർദ്ദേശം നല്കുമോ ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, പി. കെ. മുരളീധരൻ,
തിരുവനന്തപുരം സെക്രട്ടറി-ഇൻ-ചാർജ്
2012 ജൂൺ 5.

"T" ഇന്നത്തേക്ക് മാറ്റിയ ചോദ്യത്തെ സൂചിപ്പിക്കുന്നു.